# ഗ്രേഡ്-7

## പാഠം-5

# ഫ്ലാറ്റിലെ ഓണം

### അർത്ഥം

ആഹ്ളാദം - സന്തോഷം

സൗധം - മാളിക

നാഗരികർ - നഗരത്തിൽ താമസിക്കുന്നവർ

നാകം - സ്വർഗം

തൂശനില - അറ്റം കൂർത്ത വാഴയില

ആവണി - ചിങ്ങമാസം

ആരവം - ശബ്ദം

അനർഥം - ആപത്ത്

### മാതൃകപോലെ എഴുതുക

വെള്ളിലവള്ളി - വെള്ളിലകളുള്ള വള്ളി

ആവണിമേളം - ആവണി മാസത്തിലെ മേളം

ജീവിതസംഗരം - ജീവിതമാകുന്ന സംഗരം

പൂമ്പൊടി - പൂവിന്റെ പൊടി

പവിഴച്ചുണ്ട് - പവിഴം പോലുള്ള ചുണ്ട്

### അർത്ഥവ്യത്യാസം

നാകം - സ്വർഗം

നാഗം - പാമ്പ്

തിണ്ണ - ഇറയം

തിണ്ണം - പെട്ടെന്ന്

## പദസൂര്യൻ പൂർത്തിയാക്കുക

ഓണം ചേർന്നുവരുന്ന വാക്കുകൾകൊണ്ട് പദസൂര്യൻ നിർമ്മിക്കുക

ഓണം →
- ഓണസദ്യ
- ഓണനിലാവ്
- ഓണക്കോടി
- ഓണക്കളി
- ഓണത്തുമ്പി
- ഓണമുണ്ട്
- ഓണപ്പാട്ട്

## കണ്ടെത്താം എഴുതാം (ഉത്തരങ്ങൾ)

1. നഗരത്തിലെ ഫ്ലാറ്റിൽ കഴിയുന്ന തന്റെ മക്കൾക്ക് മണ്ണിൽക്കളിച്ച് വളരുവാൻ സൗഭാഗ്യം ഇല്ലല്ലോ എന്നോർത്തപ്പോഴാണ് കവി മൂഢനായി നിന്നുപോയത്. നഗരത്തിന്റെ ശബ്ദകോലാഹലങ്ങളിൽ ബാല്യം നഷ്ടപ്പെട്ടുപോകുന്ന പുതിയതലമുറയെക്കുറിച്ച് ഓർത്ത് കവി ദു:ഖിക്കുന്നു.

2. നഗരത്തിലെ ഫ്ലാറ്റിൽ താമസിക്കുന്ന കവിയുടെ മക്കൾക്ക് മുറ്റമില്ലാത്തതിനാൽ പൂക്കളമിടാനോ മണ്ണിൽ കളിക്കാനോ സാധിക്കുന്നില്ല. ഓണത്തിന് പൂപറിക്കാനും തൂശനിലയിൽ സദ്യയുണ്ണാനും ഊഞ്ഞാലാടാനും കൊതിയുമില്ല. ഓണക്കളികളും ഓണക്കാഴ്ച്ചകളും ടീവിയിലൂടെയാണ് അവർ ആസ്വദിക്കുന്നത്.

3. ടെലിവിഷനിലെ ഓണക്കാഴ്ച്ചകളെക്കുറിച്ചാണ് കവി ഈ പ്രയോഗത്തിലൂടെ അർത്ഥമാക്കുന്നത്. നഗരത്തിൽ താമസിക്കുന്ന കുട്ടികൾക്ക് ഓണാഘോഷങ്ങൾ ടെലിവിഷനിൽ കണ്ടുള്ള പരിചയമാണുള്ളത്. പരിപാടികൾ ടിവിയിൽ കണ്ട് അവർ ആസ്വദിക്കുന്നു. നഗരത്തിൽ താമസിക്കുന്നവരുടെ ഓണാഘോഷങ്ങൾ

ഇങ്ങനെ കാഴ്ചയിൽ മാത്രം ഒതുങ്ങിപോകുന്നതിനെക്കുറിച്ചാണ് കവി പറയുന്നത്.

4. കവി താമസിക്കുന്നത് പട്ടണത്തിലെ ഫ്ലാറ്റിലാണ്. ഫ്ലാറ്റിൽ താമസിക്കുന്നവർക്ക് മുറ്റമില്ല. അതുകൊണ്ടാണ് പൂക്കളമിടാൻ കവിക്ക് കഴിയാത്തത്.